23.10.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബന്‍ 13–10–1992

# നമ്പര്‍വണ്‍ ആകണമെങ്കില്‍ ജ്ഞാനവും യോഗവും സ്വരൂപത്തില്‍ കൊണ്ടു വരൂ

ഇന്ന് സത്യമായ ടീച്ചര്‍ തന്റെ ശ്രേഷ്ഠമായ പഠിത്തം ധാരണ ചെയ്യുന്ന ഈശ്വരീയ വിദ്യാര്‍ത്ഥികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു– ഓരോ ഈശ്വരീയ വിദ്യാര്‍ത്ഥിയും ഈ ഈശ്വരീയ പഠിത്തം എത്രത്തോളം ധാരണ ചെയ്തു? പഠിപ്പിക്കുന്നയാള്‍ ഒന്നാണ്, പഠിത്തവും ഒന്നാണ് പക്ഷെ പഠിക്കുന്നവര്‍ പഠിത്തത്തില്‍ നമ്പര്‍വാറാണ്. ദിവസേനയുള്ള പാഠം മുരളിയിലൂടെ ഓരോ സ്ഥലത്തും ഒന്ന് തന്നെയാണ് കേള്‍ക്കുന്നത് അര്‍ത്ഥം ഒരേ പാഠം തന്നെയാണ് പഠിക്കുന്നത്. മുരളി അര്‍ത്ഥം പാഠം എല്ലാ സ്ഥലത്തും ഒന്ന് തന്നെയാണ്. തിയ്യതിയില്‍ വ്യത്യാസമുണ്ടായാലും മുരളി അത് തന്നെയായിരിക്കും. എന്നിട്ടും എന്ത് കൊണ്ട് നമ്പര്‍വാറായി മാറുന്നു? നമ്പര്‍ എന്തിന് വേണ്ടിയാണ് വെച്ചത്? കാരണം ഈ ഈശ്വരീയ പഠിത്തം പഠിക്കുന്നതിന്റെ വിധി കേവലം കേള്‍ക്കുക എന്ന് മാത്രമല്ല മറിച്ച് ഓരോ മഹാവാക്യത്തെയും സ്വരൂപത്തില്‍ കൊണ്ടു വരണം. കേള്‍ക്കുന്നത് എല്ലാവരും ഒരേപോലെയാണ് എന്നാല്‍ സ്വരൂപത്തില്‍ കൊണ്ടു വരുന്നതില്‍ നമ്പര്‍വാറായി മാറുന്നു. നമ്പര്‍വണ്‍ ആകണം എന്ന ലക്ഷ്യം എല്ലാവരുടെയും ഒന്ന് തന്നെയാണ്. അങ്ങനെയല്ലേ ലക്ഷ്യം! നമ്പര്‍വണ്‍ ആകണം എന്ന ലക്ഷ്യമാണ് പക്ഷെ റിസള്‍ട്ടില്‍ നമ്പര്‍വാറായി മാറുന്നു, കാരണം ലക്ഷ്യത്തെ ലക്ഷണത്തില്‍ കൊണ്ടു വരിക എന്നതില്‍ ലക്ഷ്യവും ലക്ഷണവും തമ്മില്‍ വ്യത്യാസം ഉണ്ടാകുന്നു.

ഈ പഠിത്തത്തില്‍ വിഷയങ്ങളും കൂടുതലില്ല. 4 വിഷയങ്ങളെ ധാരണ ചെയ്യണം– ഇതില്‍ എന്താണ് പ്രയാസം! 4 വിഷയങ്ങള്‍ക്കും പരസ്പരം സംബന്ധമുണ്ട്. ഏതെങ്കിലും ഒരു വിഷയം 'ജ്ഞാനം' സമ്പൂര്‍ണ്ണമായി വിധി പൂര്‍വ്വം ധാരണ ചെയ്യൂ അര്‍ത്ഥം ജ്ഞാനത്തിന്റെ ഓരോരോ ശബ്ദത്തെയും സ്വരൂപത്തില്‍ കൊണ്ടു വരൂ, എങ്കില്‍ ജ്ഞാനം മുഖ്യമായും 2 ശബ്ദങ്ങളാണ്– അല്‍ഫ്(രചയിതാവ്), ബേ(രചന). രചയിതാവായ ബാബയെ കുറിച്ചുള്ള അറിവ് ലഭിച്ചു അര്‍ത്ഥം പരമാത്മാ പരിചയം, സംബന്ധം സ്പഷ്ടമായി, രചന അര്‍ത്ഥം ആദ്യത്തെ രചന– ''ഞാന്‍ ശ്രേഷ്ഠമായ ആത്മാവാണ്''. രണ്ടാമത്– ''ആത്മാവായ എനിക്ക് ഈ പരിധിയില്ലാത്ത രചന അര്‍ത്ഥം പരിധിയില്ലാത്ത നാടകത്തില്‍ മുഴുവന്‍ കല്പത്തിലും എന്തെല്ലാം പാര്‍ട്ടാണുള്ളത്''– ഈ മുഴുവന്‍ ജ്ഞാനവും സര്‍വ്വര്‍ക്കുമുണ്ടല്ലോ. പക്ഷെ ശ്രേഷ്ഠാത്മ സ്വരൂപമായി സദാ ശ്രേഷ്ഠമായ പാര്‍ട്ടഭിനയിക്കുക– ഇതില്‍ ഇടയ്ക്ക് ഓര്‍മ്മയുണ്ടാകുന്നു, ഇടയ്ക്ക് മറന്നു പോകുന്നു. ഈ രണ്ട് ശബ്ദങ്ങളുടെ ജ്ഞാനമുണ്ട്, യോഗവും ഈ രണ്ട് ശബ്ദങ്ങളുടെ ആധാരത്തില്ലല്ലേ. ജ്ഞാനവുമായി യോഗത്തിന് സ്വതവേ തന്നെ സംബന്ധമുണ്ട്. 'ജ്ഞാനി തൂ ആത്മാവ്' തീര്‍ച്ചയായും 'യോഗീ തൂ ആത്മാവു'മായിരിക്കും. അപ്പോള്‍ ജ്ഞാനത്തിനും യോഗത്തിനും പരസ്പരം സംബന്ധമായില്ലേ. അപ്പോള്‍ ആരാണോ ജ്ഞാനിയും യോഗിയുമായിട്ടുള്ളത് അവരുടെ ധാരണ ശ്രേഷ്ഠമായിരിക്കുമോ അതോ ശക്തിഹീനമായിരിക്കുമോ? സ്വതവേ ശ്രേഷ്ഠമായിരിക്കില്ലേ, സഹജമായിരിക്കില്ലേ അതോ ധാരണയില്‍ പ്രയാസമുണ്ടാകുമോ? ആര് 'ജ്ഞാനി തൂ ആത്മാവും' 'യോഗി തൂ ആത്മാവു'മാണോ അവര്‍ ധാരണയില്‍ ശക്തിഹീനമായിരിക്കുമോ? ഇല്ല. ആകുന്നുണ്ട്. അപ്പോള്‍ ജ്ഞാന– യോഗമില്ലേ? ജ്ഞാനിയാണ് പക്ഷെ 'ജ്ഞാനീ തൂ ആത്മാവ്'– ഈ സ്ഥിതിയില്ല. യോഗം ചെയ്യുന്നവരാണ് എന്നാല്‍ യോഗീ ജീവിതം നയിക്കുന്നവരല്ല. ജീവിതം സദാ ഉള്ളതാണ്, ജീവിതം സ്വാഭാവികമാണ്. യോഗീ ജീവിതം അര്‍ത്ഥം സ്വഭാവം യഥാര്‍ത്ഥ യോഗിയുടേതായിരിക്കും.

63 ജന്മങ്ങളുടെ വിസ്മൃതിയുടെ സംസ്ക്കാരം അഥവാ ബലഹീനതയുടെ സംസ്ക്കാരം ബ്രാഹ്മണ ജീവിതത്തില്‍ ചിലയിടത്ത് മുഖ്യ സ്വഭാവമായി പുരുഷാര്‍ത്ഥത്തില്‍ വിഘ്നമിടുന്നുണ്ട്. എത്ര തന്നെ സ്വയം അഥവാ മറ്റുള്ളവര്‍ – ഇന്നത് പരിവര്‍ത്തനം ചെയ്യൂ എന്ന് ശ്രദ്ധ ചെലുത്തി തന്നാലും– അറിഞ്ഞിട്ടും, ആഗ്രഹിച്ചിട്ടും എന്താണ് പറയുന്നത്? താത്പര്യമൊന്നുമില്ല പക്ഷെ ഇത് എന്റെ നേച്ചറാണ്, എന്റെ സ്വഭാവമിങ്ങനെയാണ്. അപ്പോള്‍ സ്വഭാവം നാച്ചുറലായില്ലേ. ആരുടെയെങ്കിലും വാക്കുകളില്‍ അഥവാ പെരുമാറ്റത്തില്‍ ജ്ഞാന സമ്പന്നമായ പെരുമാറ്റം അഥവാ യോഗീ ജീവിതമനുസരിച്ചുള്ള പെരുമാറ്റം അഥവാ വാക്കുകളില്ലായെങ്കില്‍ അവരെന്താണ് പറയാറുള്ളത്? ഇങ്ങനെ തന്നെ പറയും– എന്റെ നാച്ചുറലായ വാക്കുകള്‍ തന്നെയിങ്ങനെയാണ്, സംസാരത്തിന്റെ ടോണ്‍ ഇങ്ങനെ തന്നെയാണ്. അതോ പറയുമോ– എന്റെ സംസാരവും പെരുമാറ്റവും ഒഫീഷ്യലാണ് അഥവാ ഗംഭീരമാണ് എന്ന്. നല്ല പേരാണ് പറയുന്നത്– ആവേശമല്ല എന്നാല്‍ ഒഫീഷ്യലാണ് . അപ്പോള്‍ ആഗ്രഹിച്ചിട്ടും, മനസ്സിലാക്കിയിട്ടും നേച്ചര്‍ നാച്ചുറലായി കാര്യങ്ങള്‍ ചെയ്തുകൊണ്ടിരിക്കുന്നു, അതിന് പരിശ്രമിക്കേണ്ടി വരുന്നില്ല. അതേപോലെ ജ്ഞാനി --

യോഗീ ജീവിതത്തിൽ ഇരിക്കുന്നുവെങ്കിൽ ജ്ഞാന- യോഗത്താൽ സമ്പന്നമായി ഓരോ കർമ്മവും നാച്ചുറലായിരിക്കും അർത്ഥം ജ്ഞാനവും യോഗവും- ഇത് തന്നെയായിരിക്കും അവരുടെ നേച്ചർ ആയി മാറുന്നത്, മാത്രമല്ല നേച്ചറായത് കാരണം ശ്രേഷ്ഠമായ കർമ്മം, യുക്തിയുക്തമായ കർമ്മം നാച്ചുറലായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അപ്പോൾ മനസ്സിലായോ, നേച്ചർ നാച്ചുറലാക്കി മാറ്റുന്നു. ജ്ഞാനവും യോഗവും മുഖ്യമായ നേച്ചറായി മാറണം- അതിനെയാണ് ജ്ഞാനി ജീവിതം, യോഗീ ജീവിതം നയിക്കുന്നവർ എന്ന് പറയുന്നത്.

സർവ്വരും ജ്ഞാനിയുമാണ്, യോഗിയുമാണ് എന്നാൽ വ്യത്യാസം എന്താണ്? ഒന്നുണ്ട് ജ്ഞാനം കേൾക്കുന്നവരും കേൾപ്പിക്കുന്നവരും, അവരവരുടെ ശക്തിക്കനുസരിച്ച് ജീവിതത്തിൽ കൊണ്ടു വരുന്നവർ. രണ്ടാമത് ജ്ഞാനത്തെയും യോഗത്തെയും സദാ തന്റെ ജീവിതത്തിന്റെ നേച്ചറാക്കുന്നവർ. സർവ്വരും വിദ്യാർത്ഥികളാണ് എന്നാൽ ഈ വ്യത്യാസമുള്ളത് കാരണം നമ്പർവാറായി മാറുന്നു. ജ്ഞാനി യോഗീ നേച്ചറുള്ളവരുടെ ധാരണയും നാച്ചുറലായിരിക്കും. നാച്ചുറൽ സ്വഭാവ സംസ്ക്കാരമുള്ളവരേ ധാരണാ സ്വരൂപരാകുകയുള്ളൂ. ഇന്ന ഗുണം ധാരണ ചെയ്യണം- ഇതിനായി അടിക്കടി പുരുഷാർത്ഥം ചെയ്യേണ്ടി വരില്ല. എന്നാൽ ആദ്യം അടിത്തറയുടെ സമയത്ത് തന്നെ ജ്ഞാനം, യോഗം, ധാരണയെ തന്റെ ജീവിതമാക്കി മാറ്റി അതിനാൽ ഈ മൂന്ന് വിഷയങ്ങൾ ഇങ്ങനെയുള്ള ആത്മാവിന്റെ സ്വതവേയും സ്വാഭാവികവുമായ അനുഭവമായി മാറുന്നു. അതിനാൽ ഇങ്ങനെയുള്ള ആത്മാക്കൾക്ക് സഹജ യോഗി, സഹജ ജ്ഞാനി, സഹജമായ ധാരണാ മൂർത്തി എന്ന് പറയുന്നു. മൂന്ന് വിഷയങ്ങൾക്കും കണക്ഷൻ ഉണ്ട്. ഇത്രയും അനുഭവങ്ങളുടെ ഖജനാക്കൾ സമ്പന്നമായിട്ടുള്ള സമ്പന്നരായ മൂർത്തികൾ സ്വതവേ തന്നെ മാസ്റ്റർ ദാതാവായി മാറുന്നു. ദാതാവ് അർത്ഥം സേവാധാരി. ദാതാവിന് നല്കാതെയിരിക്കാൻ സാധിക്കില്ല. ദാതാവിന്റെ സംസ്ക്കാരത്തിലൂടെ സ്വതവേ സേവനത്തിന്റെ വിഷയം പ്രാക്ടിക്കലിൽ സഹജമായി മാറുന്നു. അതിനാൽ നാലിനും പരസ്പരം സംബന്ധമായില്ലേ. ചിലർ പറയും എനിക്ക് ജ്ഞാനം നന്നായി ഉണ്ട് പക്ഷെ ധാരണയിൽ കുറവുണ്ടെങ്കിൽ അവരെ ജ്ഞാനിയെന്ന് പറയാൻ സാധിക്കുമോ? ജ്ഞാനം മറ്റുള്ളവർക്ക് നല്കുന്നുണ്ടല്ലോ! ഉള്ളത് കൊണ്ടല്ലേ നല്കുന്നത്! ഒന്നുണ്ട് മനസ്സിലാക്കുക, രണ്ടാമത് സ്വരൂപത്തിൽ കൊണ്ടു വരിക. മനസ്സിലാക്കുന്നതിൽ സർവ്വരും സമർത്ഥരാണ്, മനസ്സിലാക്കി കൊടുക്കുന്നതിലും സർവ്വരും സമർത്ഥരാണ് എന്നാൽ നമ്പർവൺ ആകണമെങ്കിൽ ജ്ഞാനത്തെയും യോഗത്തെയും സ്വരൂപത്തിൽ കൊണ്ടു വരൂ. പിന്നെ നമ്പർവാർ ആകില്ല എന്നാൽ നമ്പർവൺ ആകും.

അതിനാൽ കേൾപ്പിച്ചു- ഇന്ന് സത്യമായ ടീച്ചർ തന്റെ നാല് ഭാഗത്തുമുള്ള ഈശ്വരീയ വിദ്യാർത്ഥികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ എന്ത് കണ്ടു? സർവ്വരും നമ്പർവൺ ആയി കാണപ്പെട്ടോ അതോ നമ്പർവാറായി കാണപ്പെട്ടോ? റിസൾട്ട് എന്തായിരിക്കും? അതോ മനസ്സിലാക്കുന്നത് ഇങ്ങനെയാണോ- നമ്പർവൺ ഒരാളല്ലേ ആകുകയുള്ളൂ, ഞാൻ നമ്പർവാറിലേ വരുകയുള്ളൂ. ഫസ്റ്റ് ഡിവിഷനിൽ വരാൻ സാധിക്കുമല്ലോ. അതിൽ ഒരാൾ മാത്രമായിരിക്കില്ല. അതിനാൽ ചെക്ക് ചെയ്യൂ- അടിക്കടി ഏതെങ്കിലുമൊക്കെ കാര്യത്തിൽ സ്ഥിതി ചഞ്ചലമാകുന്നു അർത്ഥം അടിക്കടി പുരുഷാർത്ഥത്തിൽ പരിശ്രമിക്കേണ്ടി വരുന്നുവെങ്കിൽ, ഇതിലൂടെ തെളിയുന്നത് ജ്ഞാനത്തിന്റെ മുഖ്യമായ വിഷയത്തിന്റെ രണ്ട് ശബ്ദം- 'രചയിതാവും രചന'യുടെയും പഠിപ്പിനെ സ്വരൂപത്തിൽ കൊണ്ടു വന്നിട്ടില്ലായെന്നാണ്, ജീവിതത്തിൽ മുഖ്യമായ സംസ്ക്കാരത്തിന്റെ രൂപത്തിൽ അഥവാ മുഖ്യമായ നേച്ചറിന്റെ രൂപത്തിൽ അഥവാ സഹജമായ സ്വഭാവത്തിന്റെ രൂപത്തിൽ കൊണ്ടു വന്നിട്ടില്ല. ബ്രാഹ്മണ ജീവിതത്തിന്റെ നാച്ചുറൽ സ്വഭാവ-സംസ്ക്കാരം തന്നെ യോഗീ ജീവിതം, ജ്ഞാനി ജീവിതമാണ്. ജീവിതം അർത്ഥം നിരന്തരം, സദാ. 8 മണിക്കൂർ ജീവിതമുണ്ട്, പിന്നെ 4 മണിക്കൂർ ഇല്ല- അങ്ങനെയുണ്ടാകില്ലല്ലോ. ഇന്ന് 10 മണിക്കൂർ യോഗിയായി, ഇന്ന് 12 മണിക്കൂർ യോഗിയായി, ഇന്ന് 2 മണിക്കൂർ യോഗിയായി- ഇവർ യോഗം ചെയ്യുന്ന യോഗിയാണ്, യോഗീ ജീവിതം നയിക്കുന്ന യോഗിയല്ല. വിശേഷിച്ച് സംഘടിത രൂപത്തിലിരിക്കുന്നതിന്റെ കാരണമിതാണ്- സർവ്വരുടെയും യോഗത്തിന്റെ ശക്തിയിലൂടെ അന്തരീക്ഷത്തിലൂടെ ശക്തിഹീനരായ പുരുഷാർത്ഥികൾക്ക്, വിശ്വത്തിലെ സർവ്വ ആത്മാക്കൾക്ക് യോഗ ശക്തിയിലൂടെ പരിവർത്തനപ്പെടുത്തണം അതിനാൽ അതും ആവശ്യമാണ് പക്ഷെ തന്റെ തന്നെ മുറിഞ്ഞ് പോയ യോഗം നേരെയാക്കാനല്ല യോഗത്തിലിരിക്കേണ്ടത്. സംഘടനയുടെ ശക്തി, ഇതും സേവനത്തിന് നിമിത്തമാണ് എന്നാൽ എന്റെ കണക്ഷൻ വീണ്ടും യോജിക്കണം- ഇതിനായി യോഗ ഭട്ഠി വയ്ക്കുന്നില്ല. ശക്തിഹീനരാണെങ്കിൽ അതിനായിട്ടാണ് ഇരിക്കുന്നത്, യോഗീ തൂ ആത്മാവാണെങ്കിൽ മാസ്റ്റർ സർവ്വശക്തിവാനായി, മാസ്റ്റർ വിശ്വമംഗളകാരിയായി സർവ്വർക്കും സഹയോഗം നല്കുന്നതിനുള്ള സേവനം ചെയ്യുന്നു. അതിനാൽ പഠിപ്പ് അർത്ഥം സ്വരൂപമാകുക. ശരി.

ഇന്ന് ദീപാവലി ആഘോഷിക്കാൻ വന്നിരിക്കുന്നു. ആഘോഷിക്കുന്നതിന്റെ അർത്ഥമെന്താണ്? ദീപാവലി ദിനത്തിൽ എന്താണ് ചെയ്യുന്നത്? ദീപം കത്തിക്കുന്നു. ഇന്നത്തെ കാലത്ത് ലൈറ്റ് തെളിയിക്കുന്നു. പ്രകാശത്തിന്റെയടുത്ത് ആരാണ് വരുന്നത്? ശലഭങ്ങൾ. ശലഭങ്ങളുടെ വിശേഷതയെന്തായിരിക്കും? അർപ്പണമാകുക. അപ്പോൾ ദീപാവലി ആഘോഷിക്കുന്നതിന്റെ അർത്ഥം എന്തായി? അർപ്പണമായോ അതോ ഇന്ന് ആകണോ? (ആയി) അപ്പോൾ ദീപാവലി ആഘോഷിച്ചു, പിന്നെയെന്തിന് വീണ്ടും ആഘോഷിക്കുന്നു? അർപ്പണമായിയെങ്കിൽ ദീപാവലി ആഘോഷിച്ചു അതോ ഇടയ്ക്കിടയ്ക്ക് കറങ്ങാൻ പോകുന്നുണ്ടോ? അർപ്പണമായി പക്ഷെ കുറച്ച് ചിറക് ഇപ്പോഴും ഉണ്ട്, അതുപയോഗിച്ച് കറങ്ങി കൊണ്ടിരിക്കുന്നു. അപ്പോൾ കറങ്ങി കൊണ്ടിരിക്കുന്നവരല്ലല്ലോ. കറങ്ങുക അർത്ഥം ഏതെങ്കിലുമൊക്കെ മായയുടെ രൂപത്തിൽ കുടുങ്ങുക. മായയുമായി ഏറ്റുമുട്ടുന്നുവോ അതോ മായയെ തോൽപ്പിക്കുകയാണോ? അതോ ഇടയ്ക്ക് വിജയം പ്രാപ്തമാക്കുന്നു, ഇടയ്ക്ക് പരാജയപ്പെടുന്നു?

ദീപാവലി ഇത് തന്റെ തന്നെ സ്മരണയാണ് ആഘോഷിക്കുന്നത്. നിങ്ങളുടെ സ്മരണയല്ലേ? അതോ മുഖ്യമായ ആത്മാക്കളുടെ സ്മരണയാണ്, നിങ്ങൾ കാണുന്നവരാണോ? നിങ്ങൾ സർവ്വരുടെയും സ്മരണയാണ് അതിനാൽ ഇന്നത്തെ കാലത്ത് വളരെ എണ്ണത്തിൽ ദീപം കത്തിക്കുന്നതിന് പകരം ചെറിയ ചെറിയ ബൾബ് കത്തിക്കുന്നു. ദീപം കത്തിക്കുകയാണെങ്കിൽ എണ്ണം അതിനേക്കാൾ കുറയും. പക്ഷെ നിങ്ങളുടെ എണ്ണം വളരെയധികമല്ലേ. അതിനാൽ സർവ്വരുടെയും ഓർമ്മയിൽ അനേക ചെറിയ ചെറിയ ബൾബുകൾ കത്തിക്കുന്നു. അപ്പോൾ തന്റെ സ്മരണ ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ദീപത്തെ കാണുമ്പോൾ എന്റെ തന്നെ സ്മരണയാണെന്ന് മനസ്സിലാക്കുന്നുണ്ടോ? സ്മൃതി വരുന്നുണ്ടോ? ചൈതന്യ ദീപം തന്റെ ജഢ സ്മരണയായ ദീപത്തെ കാണുന്നു എന്നുള്ളതാണ് ഈ സംഗമയുഗത്തിന്റെ വിശേഷത. സ്വയം ചൈതന്യത്തിലാണ്, ജഢ സ്മരണ കണ്ടു കൊണ്ടിരിക്കുന്നു. ഏത് ദിവസമാണോ ദീപാവലി ആഘോഷിക്കുന്നത് ആ ദിനമാണ് യഥാർത്ഥത്തിലുള്ള തിയ്യതി. ലോകത്തിലുള്ളവർ തിയ്യതി ഫിക്സ് ചെയ്തിരിക്കുന്നു, എന്നാൽ നിങ്ങളുടെ തിയ്യതി വ്യത്യസ്തമാണ് അതിനാൽ നിങ്ങൾ ബ്രാഹ്മണർ ആഘോഷിക്കുന്ന തിയ്യതിയാണ് സത്യമായ തിയ്യതി. അതിനാലാണ് ഏതൊരു തിയ്യതിയും ഫിക്സ് ചെയ്യുമ്പോൾ ആരോടാണ് ചോദിക്കുന്നത്? ബ്രാഹ്മണരോടല്ലേ ചോദിക്കുന്നത്. അതിനാൽ ഇന്ന് ബാപ്ദാദ സർവ്വ ദേശ വിദേശത്തിലെ സദാ തെളിഞ്ഞിരിക്കുന്ന ദീപങ്ങൾക്ക് ദീപാവലിയുടെ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. ദീപാവലി ആശംസകൾ അർത്ഥം സമ്പന്നമാകുന്നതിന്റെ ആശംസകൾ.

അങ്ങനെ സദാ തെളിഞ്ഞിരിക്കുന്ന ജ്യോതി, സദാ സ്വയം പ്രകാശ സ്വരൂപമായി അനേകരുടെ അന്ധകാരത്തെയില്ലാതാക്കുന്ന സത്യമായ ദീപം, സദാ നാല് വിഷയങ്ങളെയും ഒപ്പത്തിനൊപ്പം ജീവിതത്തിൽ കൊണ്ടു വരുന്ന, സർവ്വ വിഷയങ്ങളിലും നമ്പർവണിന്റെ ലക്ഷ്യത്തെ ലക്ഷണത്തിൽ കൊണ്ടു വരുന്ന, അങ്ങനെയുള്ള ജ്ഞാനി ആത്മാക്കൾ, യോഗീ ആത്മാക്കൾ, ദിവ്യ ഗുണ സ്വരൂപരായ ആത്മാക്കൾ, നിരന്തര സേവാധാരി, ശ്രേഷ്ഠമായ വിശ്വമംഗളകാരി ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേയും.

**അവ്യക്ത ബാപ്ദാദായുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ച**

**മുഖത്തിലൂടെയും ചലനത്തിലൂടെയും സദാ സന്തോഷത്തിന്റെ തിളക്കം കാണപ്പെടുന്നവരാണ് സൗഭാഗ്യശാലികൾ**

സർവ്വരും സ്വയത്തെ സദാ സൗഭാഗ്യശാലി ആത്മാക്കളാണെന്ന് മനസ്സിലാക്കുന്നുണ്ടോ? സൗഭാഗ്യശാലി ആത്മാക്കളുടെ ലക്ഷണമെന്തായിരിക്കും? അവരുടെ മുഖത്തിലൂടെയും ചലനത്തിലൂടെയും സദാ സന്തോഷത്തിന്റെ തിളക്കം കാണപ്പെടും. ഏതൊരു സ്ഥൂലമായ കാര്യം ചെയ്യുമ്പോഴും, സാധാരണ കർമ്മം ചെയ്യുമ്പോഴും ഓരോ കർമ്മത്തിലും സന്തോഷത്തിന്റെ തിളക്കം കാണപ്പെടും. ഇതിനെയാണ് നിരന്തരമായ സന്തോഷത്തിൽ മനസ്സ് നൃത്തം ചെയ്യുക എന്ന് പറയുന്നത്. സദാ അങ്ങനെയാണോ? അതോ ഇടയ്ക്ക് വളരെ സന്തോഷം, ഇടയ്ക്ക് കുറവ്? സന്തോഷത്തിന്റെ ഖജനാവ് സ്വന്തം ഖജനാവായില്ലേ. അപ്പോൾ തന്റെ ഖജനാവ് സദാ കൂടെയുണ്ടാകുമല്ലോ. അതോ ഇടയ്ക്കിടയ്ക്കാണോ ഉണ്ടാകുന്നത്? ബാബയുടെ ഖജനാവിനെ സ്വന്തം ഖജനാവാക്കിയില്ലേ അതോ സ്വന്തമാണെന്ന് മറന്നു പോകുന്നുണ്ടോ? തന്റെ സ്ഥൂലമായ വസ്തു സദാ ഓർമ്മയിലുണ്ടാകില്ലേ? ആ ഖജനാവ് കണ്ണുകൾ കൊണ്ട് കാണപ്പെടും എന്നാൽ ഈ ഖജനാവ് കണ്ണുകളിലൂടെ കാണപ്പെടില്ല, ഹൃദയം കൊണ്ട് അനുഭവം ചെയ്യുന്നു. അനുഭവം ചെയ്ത കാര്യം എപ്പോഴെങ്കിലും മറക്കാൻ സാധിക്കുമോ? അതിനാൽ സദാ സ്മൃതിയുണ്ടാകണം– ഞാൻ സന്തോഷത്തിന്റെ ഖജനാവിന്റെ അധികാരിയാണ്. എത്രത്തോളം ഖജനാവിന്റെ ഓർമ്മയുണ്ടോ അത്രത്തോളം ലഹരിയുണ്ടായിരിക്കും. ഇവരുടെയടുത്ത് എന്തോ ഉണ്ട്– എന്ന ആത്മീയ ലഹരി മറ്റുള്ളവ

രെയും അനുഭവം ചെയ്യിക്കും.

മാതാക്കൾക്ക് മുഴുവൻ സമയം എന്താണ് ഓർമ്മയുള്ളത്? കേവലം ബാബയുടെ ഓർമ്മയാണോ അതോ മറ്റെന്തെങ്കിലുമൊക്കെ ഓർമ്മയുണ്ടോ? സമ്പത്തിന്റെ സന്തോഷം കാണപ്പെടുമല്ലോ. ബ്രാഹ്മണ ജീവിതത്തിൽ ലോകം തന്നെ ബാബയാണ്, അപ്പോൾ ലോകമല്ലാതെ പിന്നെയെന്താണ് ഓർമ്മ വരുന്നത്. സദാ ഹൃദയത്തിൽ തന്റെ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ ഗീതം പാടിക്കൊണ്ടിരിക്കൂ. അങ്ങനെയുള്ള ശ്രേഷ്ഠമായ ഭാഗ്യം മുഴുവൻ കല്പത്തിലും പ്രാപ്തമാകുമോ? മുഴുവൻ കല്പത്തിലും വച്ച് ഇപ്പോഴാണ് പ്രാപ്തമാകുന്നത്, അതിനാൽ ഇപ്പോഴത്തെ സന്തോഷം, ഇപ്പോഴത്തെ ലഹരി ഏറ്റവും ശ്രേഷ്ഠമാണ്. മാതാക്കൾക്ക് മറ്റേതെങ്കിലും സംബന്ധിയുടെ ഓർമ്മ വരുന്നുണ്ടോ? ഏതെങ്കിലും സംബന്ധത്തിൽ ചഞ്ചലതയുണ്ടാകുമ്പോൾ അവരിലേക്ക് മോഹം ഉണ്ടാകുന്നുണ്ടോ? മോഹം മുഴുവൻ ഇല്ലാതായോ? എന്ത് തന്നെ സംഭവിച്ചാലും, എനിക്ക് മോഹം ഉണ്ടാകില്ല എന്നുള്ളവർ കൈ ഉയർത്തൂ. ശരി, മോഹത്തിന്റെ പരീക്ഷ വന്നോട്ടേ? പാണ്ഡവർ നഷ്ടോ മോഹയല്ലേ? പെരുമാറ്റത്തിൽ എന്തെങ്കിലും ചഞ്ചലതയുണ്ടായാൽ നഷ്ടോ മോഹയായിരിക്കുമോ? ഇപ്പോഴും ഇടയ്ക്കിടയ്ക്ക് മായ പരീക്ഷയുമായി വരാറില്ലേ! അതിൽ പാസാകുന്നുണ്ടോ? അതോ മായ വരുമ്പോൾ കുറച്ച് ശക്തിഹീനരാകുകയാണോ? സദാ സന്തോഷത്തിന്റെ ഗീതം പാടി കൊണ്ടിരിക്കൂ. മനസ്സിലായോ? എന്ത് തന്നെ നഷ്ടപ്പെട്ടാലും സന്തോഷം നഷ്ടപ്പെടരുത്. ഏത് രൂപത്തിലും മായ വന്നാലും സന്തോഷം പോകരുത്. അങ്ങനെ സന്തോഷമായിട്ടിരിക്കുന്നവർ തന്നെയാണ് സദാ സൗഭാഗ്യശാലികൾ. ശരി.

ഇപ്പോൾ ആന്ധ്രയിലുള്ളവരും കർണ്ണാടകയിലുള്ളവരും എന്ത് അത്ഭുതം ചെയ്യണം? ഒരാത്മാവും വഞ്ചിതരാകാൻ പാടില്ല. ഓരോരുത്തർക്കും സന്ദേശം നല്കണം. എവിടെ വസിക്കുകയാണെങ്കിലും സർവ്വാത്മാക്കൾക്കും സന്ദേശം ലഭിക്കണം. എത്രത്തോളം സന്ദേശം നല്കുന്നുവൊ അത്രയും സന്തോഷം വർദ്ധിക്കും. ശരി.

## വരദാനം- ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ആധാരത്തിൽ സദാ പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്ന ധൈര്യശാലികളായി ഭവിക്കട്ടെ.

പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്നതിന് ധൈര്യത്തിന്റെയും ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ചിറകുകൾ ഉണ്ടായിരിക്കണം. ഏതൊരു കാര്യത്തിലും സഫലത പ്രാപ്തമാക്കുന്നതിന് ഉണർവ്വും ഉത്സാഹവും വളരെ ആവശ്യമാണ്. ഉണർവ്വും ഉത്സാഹവുമില്ലായെങ്കിൽ കാര്യം സഫലമാകില്ല കാരണം ഉണർവ്വും ഉത്സാഹവുമില്ലായെങ്കിൽ ക്ഷീണം അനുഭവപ്പെടും, ക്ഷീണിച്ചയാൾക്ക് ഒരിക്കലും സഫലമാകാൻ സാധിക്കില്ല. അതിനാൽ ധൈര്യശാലിയായി ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ആധാരത്തിൽ പറന്നു കൊണ്ടിരിക്കൂ എങ്കിൽ ലക്ഷ്യത്തിൽ എത്തി ചേരും.

## സ്ലോഗൻ- ആശീർവാദം നല്കൂ, ആശീർവാദം എടുക്കൂ- ഇത് തന്നെയാണ് ശ്രേഷ്ഠമായ പുരുഷാർത്ഥം.